# സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം- സാങ്കേതികം- സാങ്കേതിക വിദ്യാഭ്യാസ കാര്യാലയം, തിരുവനന്തപുരം- കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ക്യാംപസിനുള്ളിലെ പഴയതും കേടായതുമായ HDPE കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്- ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

പർച്ചേസ് (എ) വിഭാഗം

നം: D1/21707/23/ഡി.ടി.ഇ — തിരുവനന്തപുരം , തീയതി: 20.07.2023

വായന:- 1. D2/5671/19/RIT തീയതി. 103/07/2023
2. EST No. PWD/BLDG/EST/21832/2022-5-1-1
3. 11/05/2023 തീയതിയിലെ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെൻറ് കമ്മിറ്റി മിനിട്സ്.

**ഉത്തരവ്**

കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ക്യാംപസിനുള്ളിലെ പഴയതും കേടായതുമായ HDPE കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് 2203-00-112-41-17 എം ഡബ്ല്യു പ്ലാൻ ശീർഷകത്തിൽ ₹ 11,17,000/-യുടെ ഭരണാനുമതി അനുവദിക്കണമെന്ന് വായന 1 പ്രകാരം സ്ഥാപനമേധാവി അപേക്ഷ സമർപ്പിച്ചിരുന്നു. വായന 2, 3 പ്രകാരം, പൊതുമരാമത്ത് വകുപ്പ് കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ ₹ 11,17,000/- (പതിനൊന്ന് ലക്ഷത്തി പതിനേഴായിരം രൂപ മാത്രം) യുടെ എസ്റ്റിമേറ്റ്, ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെൻറ് കമ്മിറ്റി മിനിട്സ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. അപേക്ഷ വിശദമായി പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തി ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് കണ്ടെത്തി, ഭരണാനുമതി അനുവദിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ക്യാംപസിനുള്ളിലെ പഴയതും കേടായതുമായ HDPE കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് ₹ 11,17,000/- (പതിനൊന്ന് ലക്ഷത്തി പതിനേഴായിരം രൂപ മാത്രം) യുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത പ്രവൃത്തി പൂർണ്ണമായും സർക്കാർ ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഡെപ്പോസിറ്റ് വർക്കായി ചെയ്യേണ്ടതാണ്.

മേൽ കണക്കിൽ ചെലവഴിക്കേണ്ട തുക 2203-00-112-41-17 എം ഡബ്ല്യു പ്ലാൻ ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

നിബന്ധനകൾ:

- ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.
- ഫീൽഡ് സ്ഥാപനവും നിർവഹണ ഏജൻസിയും സംയുക്തമായി മൂന്ന് മാസത്തിലൊരിക്കൽ, പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്നതു വരെ അവലോകനം നടത്തേണ്ടതാണ്.
- പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം ധനവിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്

1. അക്കൌണ്ട്സ് സെക്ഷൻ
2. പ്രിൻസിപ്പാൾ, ഗവ.എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി.
3. ഫിനാൻസ് ഓഫീസറുടെ സി എ / ഫിനാൻസ് എ വിഭാഗം
4. ടെക്നിക്കൽ ഓഫീസർ

Draft #1 of File D1/21707/23/DTE Approved by Director (in-charge) on 20-Jul-2023 07:00 PM - Page 1

5. സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 20.07.2023
Reason: Approved

Draft #1 of File D1/21707/23/DTE Approved by Director (in-charge) on 20-Jul-2023 07:00 PM - Page 2

The document is digitally approved. Hence signature is not needed.